പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1184 — 08.02.2013ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 25-ൽ താഴെ വിജയശതമാനമുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) 25-ൽ താഴെ വിജയശതമാനമുള്ള 4 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്. |
| (ബി) 25-ൽ താഴെ വിജയ ശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ പാടില്ലായെന്ന തീരുമാനം എടുത്തിട്ടുണ്ടോ ;<br><br>(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന നിലവാരം ഉയർത്തുവാൻ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം മാനേജ്മെന്റുകൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) & (സി) 25-ൽ താഴെ വിജയ ശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ പാടില്ലായെന്ന് സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും, പ്രസ്തുത കോളേജുകൾക്ക് വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് സാവകാശം അനുവദിക്കുന്നതിന്റെ ഭാഗമായി 2015-16 അക്കാദമിക് വർഷം മുതൽ 4,6,8 സെമസ്റ്ററുകളിൽ യഥാക്രമം 25%, 30%, 35% വിജയം ഉള്ള കോളേജുകൾക്ക് മാത്രം നിലവിലുള്ള കോഴ്സുകൾക്ക് തുടർ അംഗീകാരം നൽകിയാൽമതി എന്ന് തീരുമാനിച്ചിട്ടുണ്ട്. |

കൂടാതെ സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി സ്ഥാപനമേധാവി കളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11-01-2013-ലെ G.O.(Rt) No.44/13/ H.Edn, 31-01-2013-ലെ G.O.(Rt) No.140/13/H.Edn. എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

Reeth

സെക്ഷൻ ഓഫീസർ